(സി) വാസസ്ഥലങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കൽ, ഇ.എസ്.ഐ. ആനുകൂല്യം, ചികിത്സാ സഹായം എന്നിവയിൽ തൊഴിലാളികൾക്ക് അനുകൂലമായ എന്തൊക്കെ കാര്യങ്ങളാണ് കരാർ പ്രകാരം നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-12-2014-നാണ് നിലവിലുണ്ടായിരുന്ന ദീർഘകാല വേതന കരാറിന്റെ കാലാവധി അവസാനിച്ചത്. പുതുക്കിയ കൂലി എന്നുമുതൽ നൽകണമെന്ന വിഷയത്തിൽ ധാരണയായിട്ടില്ല.

(ബി&സി) പ്ലാന്റേഷൻ മേഖലയിലെ ദീർഘകാല വേതന കരാർ പുതുക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്.

അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

278 (967) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തേയിലത്തോട്ടങ്ങൾ ഉണ്ട്; അവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര;

(ബി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെല്ലാം കൂടി ഉണ്ടായിരുന്ന തോട്ടം തൊഴിലാളികൾ എത്രയായിരുന്നു;

(സി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) കമ്പനികൾ പ്രവർത്തനം നിർത്തിവച്ച ഏതെങ്കിലും തോട്ടം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 179 തേയിലത്തോട്ടങ്ങളുണ്ട്. 175 തേയിലത്തോട്ടങ്ങൾ പ്രവർത്തിക്കുന്നു.

(ബി) 861 പേർ.

(സി) ബോണക്കാട് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) ന്റെ നേതൃത്വത്തിൽ വിവിധ ചർച്ചകൾ നടത്തുകയും ചർച്ചയിൽ മാനേജ്മെന്റും ബന്ധപ്പെട്ട തൊഴിലാളി യൂണിയനുകളും വിവിധ വ്യവസ്ഥകൾ പരസ്പരം അംഗീകരിച്ച് ഒത്തുതീർപ്പാക്കിയിട്ടുള്ളതാണ്. ടി തർക്ക വിഷയത്തിന്മേൽ 19-11-2012 മുതൽ 10-10-2014 വരെയുള്ള കാലയളവിൽ ആകെ

LIBRARY ARCHIVES Kerala Legislative Assembly

16 അനുരഞ്ജന ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടി വിഷയം ഒത്തുതീർപ്പായത്. എന്നാൽ 5-3-2015 മുതൽ തോട്ടം വീണ്ടും അടഞ്ഞുകിടക്കുന്നുണ്ട്. കൂടാതെ ലേബൽ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 7-7-2015 തീയതി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും നേരിട്ട് ടി തോട്ടം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എം.എം.ജെ. പ്ലാന്റേഷന്റെ കീഴിലുള്ള ബോണാമി, കോട്ടമല എന്നീ തോട്ടങ്ങൾ ഉറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 19-6-2014, 16-7-2014, 19-11-2014, 30-11-2014, 1-12-2014, 8-12-2014, 18-12-2014 എന്നീ തീയതികളിൽ അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) ന്റെ നേതൃത്വത്തിൽ ലേബർ കമ്മീഷണറേറ്റിൽ വച്ച് അനുരഞ്ജന ചർച്ചകൾ നടന്നിരുന്നു. തുടർന്ന് 30-9-2015 -ൽ ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അനുരഞ്ജന ചർച്ച ക്രമീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ചർച്ച നടത്താനായില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

തോട്ടം തൊഴിലാളികളുടെ കൂലി

279 (968) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തോട്ടങ്ങളിലായി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് സ്ത്രീ - പുരുഷ വ്യത്യാസത്തോടെ നൽകാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം തോട്ടം തൊഴിലാളികളുടെ കൂലി വർധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ)

ജില്ല	പുരുഷ തൊഴിലാളികൾ	സ്ത്രീ തൊഴിലാളികൾ	ആകെ തൊഴിലാളികൾ
(1)	(2)	(3)	(4)
തിരുവനന്തപുരം	361	409	770
കൊല്ലം	2200	1790	3990
പത്തനംതിട്ട	1438	1111	2549

LIBRARY ARCHIVES Kerala Legislative Assembly